## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1031** **06/06//2018-ലെ മറുപടി**

**<u>ദേവികുളം മണ്ഡലത്തിലെ ജലസേചന പദ്ധതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എസ്. രാജേന്ദ്രൻ** | **മാത്യു ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| എ) ദേവികുളം നിയോജക മണ്ഡലത്തിലെ അപ്പർ ചട്ട മൂന്നാർ, പട്ടിശ്ശേരി എന്നിവിടങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതാണെന്ന ജലവിഭവ വകുപ്പിന്റെ തീരുമാനം നടപ്പിലാക്കുന്നതിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി)ഈ ചെക്ക് ഡാമുകളുടെ നിർമ്മാണ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഇത് എപ്പോഴേയ്ക്ക് ആരംഭിക്കാനാകും എന്ന് അറിയിക്കുമോ ? | ബി) ദേവികുളം മണ്ഡലത്തിൽ വരുന്ന പട്ടിശ്ശേരി ഡാമിന്റെ പണികൾ ആരംഭിച്ചിരുന്നു. എന്നാൽ ഫൗണ്ടേഷനു വേണ്ടി എർത്ത് വർക്ക് എസ്കവേഷൻ നടത്തിയപ്പോൾ ഹാർഡ് റോക്ക് ലെവൽ എത്തുന്നതിന് ഡിസൈൻ പ്രകാരമുള്ള ലെവലിൽ നിന്നും ഏതാണ്ട് 10 മീറ്ററോളം അധികം താഴ്ത്തേണ്ടി വന്നതിനാൽ ഡാമിന്റെ ഡിസൈൻ മാറുകയുണ്ടായി. ഈ അവസരത്തിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ബാക്കി പണികൾ എഗ്രിമെന്റ് പ്രകാരമുള്ള നിരക്കിൽ ചെയ്യുവാൻ വിസമ്മതിച്ചതിനാൽ, കോൺട്രാക്ട് അവസാനിപ്പിച്ച്, പ്രസ്തുത പ്രവൃത്തി റീടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ കരാറുകാരന്റെ കരാർ അവസാനിപ്പിക്കുകയുണ്ടായി. ഇതിനെതിരെ കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. കോൺട്രാക്ടറെ നേരിൽ കേട്ട് ഒരു മാസത്തിനകം തീരുമാനമെടുക്കുവാൻ സർക്കാരിനോട് ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ ടെർമിനേഷൻ ഉത്തരവ് ബഹു.കോടതി റദ്ദ് ചെയ്യുകയുമുണ്ടായി. |

ബഹു.ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം കരാറുകാരനെ 21/02/2018 ന് ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ഹർജിക്കാരൻ ഉന്നയിച്ച ചില കാര്യങ്ങൾ , ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു വരുന്നു. ഇതിൽ തീരുമാനം കൈകൊണ്ട ശേഷം പട്ടിശ്ശേരി ഡാമിന്റെ ബാക്കി പണികളിന്മേൽ നടപടികൾ പുനരാരംഭിക്കുന്നതാണ്.

അപ്പർ ചട്ട മൂന്നാർ ഡാമിന്റെയും ലോവർ ചട്ട മൂന്നാർ ഡാമിന്റെയും കോണ്ടൂർ സർവ്വേ ജോലികളും മണ്ണ് പര്യവേഷണ ജോലികളും പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.

സെക്ഷൻ ഓഫീസർ